# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3665 — 17/12/2015-ൽ മറുപടിക്ക്

### ഫിഷറീസ് വകുപ്പിൽ തസ്തിക വെട്ടിക്കുറക്കൽ

ചോദ്യം — ശ്രീ. പുരുഷൻ കടലുണ്ടി

മറുപടി — ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഫിഷറീസ് വകുപ്പിൽ തസ്തികകൾ വെട്ടിക്കുറച്ചിരുന്നോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഫിഷറീസ് വകുപ്പിൽ തസ്തികകൾ വെട്ടിക്കുറച്ചിട്ടില്ല. |
| (ബി) | ഈ സാഹചര്യത്തിൽ ഫിഷറീസ് വകുപ്പിലെ ഭവന-സാനിട്ടേഷൻ പദ്ധതികളിൽ പ്രൊജക്ട്-കോർഡിനേറ്റർ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഫിഷറീസ് വകുപ്പ് മുഖേന 2015-16 സാമ്പത്തിക വർഷത്തിൽ മത്സ്യമേഖലയുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 4990 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നതിനായി 100 കോടി രൂപ അടങ്കൽ തുകയുള്ള ഭവന പദ്ധതിക്കും, ഭവന അറ്റകുറ്റപ്പണി-സാനിട്ടേഷൻ എന്നിവയ്ക്കുള്ള ധനസഹായം നൽകുന്നതിനായി 25.42 കോടി രൂപയുടെ പദ്ധതിക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. ഭവന പദ്ധതിയ്ക്കായി 16 പ്രോജക്ട് കോർഡിനേറ്റർമാരെയും ഭവന അറ്റകുറ്റപ്പണി-സാനിട്ടേഷൻ പദ്ധതിയ്ക്കായി 9 പ്രോജക്ട് കോർഡിനേറ്റർമാരെയും പ്രതിമാസം 12500/- രൂപ നിരക്കിൽ 10 മാസത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ വകുപ്പിൽ ആവശ്യത്തിന് ജീവനക്കാരില്ലെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇതിനായി പുതിയ ജീവനക്കാരെ ജില്ലാ ഓഫീസർമാർ ആവശ്യപ്പെട്ടിരുന്നോ; | (സി) | മത്സ്യബന്ധന വകുപ്പിന്റെ ചരിത്രത്തിൽ ആദ്യമായാണ് 4990 പുതിയ ഭവന പദ്ധതികളും, 3800 ഭവന അറ്റകുറ്റപ്പണികളും, 3600 ടോയ്‌ലെറ്റുകളും ഒരു സാമ്പത്തിക വർഷം നടപ്പിലാക്കുന്നത്. പല തീരദേശ ജില്ലകളിലും 800 പുതിയ ഭവനങ്ങളും 600-800 ഭവന പുനരുദ്ധാരണങ്ങളും 500 മുതൽ 1768 വരെ ടോയ്‌ലെറ്റുകളുടെ നിർമ്മാണവും സമയബന്ധിതമായി നടപ്പിലാക്കാൻ നിലവിലെ മത്സ്യഭവൻ ഓഫീസർമാർ മാത്രം മതിയാകില്ല എന്ന ആവശ്യം പല തീരദേശ ജില്ലാ ഓഫീസർമാരും ഉന്നയിച്ചതിനാൽ നിലവിലെ ഉദ്യോഗസ്ഥർ അനുഭവിക്കുന്ന ജോലിഭാരം കണക്കിലെടുത്ത് ടി പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിനും, നിലവിലെ മത്സ്യഭവൻ ഓഫീസർമാരെ സഹായിക്കുന്നതിനും ആവശ്യമായ പ്രോജക്ട് കോർഡിനേറ്റർമാരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പദ്ധതിക്കാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളത്. |
| (ഡി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി മത്സ്യ ഭവൻ ഓഫീസർമാരുടെ സേവനം പ്രയോജനപ്പെടുത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ? | (ഡി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി മത്സ്യഭവൻ ഓഫീസർമാരുടെ സേവനമാണ് പ്രധാനമായും ഉപയോഗിക്കുന്നത്. |

സെക്ഷൻ ഓഫീസർ